DESPATCHED
On 21/1/22.

17.01.22

സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
തിരുവനന്തപുരം 695 001
ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic.ker@nic.in

ഹർജി നമ്പർ **AP. 1359*(7)/2014*/*എസ്.ഐ.സി.***
തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം
(ഫയൽ നമ്പർ **7795** /*എസ്.ഐ.സി-ജി 6/2014*)
സന്നിഹിതൻ
ഡോ.കെ.എൽ.വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ

ശ്രീ. ആർ.ബാലചന്ദ്രൻ നായർ,
ജയവിലാസം,
വാളത്തുംഗൽ പി.ഒ.,
കൊല്ലം – 691 011.
} അപ്പീൽ ഹർജിക്കാരൻ

**Vs**

1. സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ&
അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ,
ജില്ലാ ട്രാൻസ്പോർട്ട് ഓഫീസറുടെ മുഖ്യകാര്യാലയം,
കെ.എസ്.ആർ.ടി.സി., കൊല്ലം.

2. അപ്പീൽ അധികാരി&
ജില്ലാ ട്രാൻസ്പോർട്ട് ഓഫീസർ,
ജില്ലാ ട്രാൻസ്പോർട്ട് ഓഫീസറുടെ മുഖ്യകാര്യാലയം,
കെ.എസ്.ആർ.ടി.സി., കൊല്ലം.

} എതിർകക്ഷികൾ

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 17.03.2014 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 22.04.2014 |
| ഒന്നാം അപ്പീൽ അപേക്ഷാ തീയതി | 24.04.2014 |
| ഒന്നാം അപ്പീൽ അപേക്ഷ തീർപ്പാക്കിയ തീയതി | 16.05.2014 |
| കമ്മീഷനിൽ അപ്പീൽ സമർപ്പിച്ച തീയതി | 26.05.2014 |
| കമ്മീഷനിൽ അപ്പീൽ കൈപ്പറ്റിയ തീയതി | 27.05.2014 |
| ഹിയറിംഗ് നടന്ന തീയതി | 18.12.2021, ഓഡിയോ ഹിയറിംഗ് |
| ഹിയറിംഗിലെ സാന്നിദ്ധ്യം: അപ്പീൽ ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ. | ഹാജരായിരുന്നു<br>ഹാജരായിരുന്നു |

## ഉത്തരവ്

സംസ്ഥാന വിവരാവകാശ കമ്മീഷൻ മുമ്പാകെ വിവരാവകാശ നിയമം 19(3) വകുപ്പു പ്രകാരം അപ്പീൽ ഹർജിക്കാരനായ ശ്രീ. ആർ.ബാലചന്ദ്രൻ നായർ, 26.05.2014ന് സമർപ്പിച്ച അപ്പീൽ ഹർജി 27.05.2014ന് കമ്മീഷൻ ഓഫീസിൽ ലഭിക്കുകയും ആയത് AP.No.1359(7)/14/SIC ആയി ഫയലിൽ സ്വീകരിക്കുകയും ചെയ്തു.

2. അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ടിയാൻ ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയ്ക്കും തുടർന്ന് സമർപ്പിച്ച ഒന്നാം അപ്പീലിനും ഒന്നും രണ്ടും എതിർകക്ഷികൾ മറുപടി ലഭ്യമാക്കിയില്ലെന്നും ടിയാൻ ആവശ്യപ്പെട്ട രേഖകൾ ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നാണ്.

3. അപ്പീൽ ഹർജിക്കാരൻ 17.03.2014ന് ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയ്ക്ക് 22.04.2014ന് നൽകിയ മറുപടിയിൽ പ്രസ്താവിച്ചിരിക്കുന്നത്, ഹർജിക്കാരന്റെ അപേക്ഷയിൽ ആവശ്യപ്പെട്ടിരിക്കുന്ന നം.D1/1938/02 എന്ന ഫയൽ കണ്ടെത്താൻ സാധിക്കാതെ വന്നതിനാലാണ് നൽകാത്തതെന്നും കണ്ടെത്തിയാലുടൻ നിശ്ചിത ഫീസൊടുക്കിയ ശേഷം നൽകുമെന്നാണ് അറിയിച്ചത്. ടി മറുപടിയിൽ തൃപ്തനാകാതെ സമർപ്പിച്ച ഒന്നാം അപ്പീലിന് 16.05.2014ന് നൽകിയ മറുപടിയിൽ രേഖപ്പെടുത്തിയിരിക്കുന്നത്, ഹർജിക്കാരന്റെ അപ്പീൽ ഹർജി വിശദമായി പരിശോധിക്കുകയും തീർപ്പാക്കുന്നതിനായി കൂടുതൽ വസ്തുതകൾ ആവശ്യമാണെന്ന് കണ്ടതിനാൽ ഹർജിക്കാരനെയും ബന്ധപ്പെട്ട എസ്.പി.ഐ.ഒ.യേയും ഉൾപ്പെടുത്തി 09.05.2014ന് വിസ്താരം നടത്താൻ തീരുമാനിച്ച വിവരം ഹർജിക്കാരനെയും അറിയിച്ചെങ്കിലും ടിയാൻ ഹാജരായില്ല. എസ്.പി.ഐ.ഒ. ഹാജരായി നൽകിയ വിശദീകരണത്തിൽ ടിയാൻ ആവശ്യപ്പെട്ട നം.D1/1938/02 എന്ന ഫയൽ കണ്ടെത്താൻ സാധിക്കാതെ വന്നതിനാലാണ് അത്തരത്തിൽ മറുപടി നൽകിയതെന്നു അറിയിച്ചുവെന്നും ടി വിശദീകരണം വസ്തുതാപരമാണെന്ന് അന്വേഷണത്തിൽ ബോധ്യപ്പെട്ടെന്നുമാണ്. ആകയാൽ ഹർജിക്കാരന് മറുപടി നൽകിയതിൽ ബന്ധപ്പെട്ട എസ്.പി.ഐ.ഒ. ബോധപൂർവ്വം

വീഴ്ച വരുത്തിയതായി കാണുന്നില്ലെന്നും മേൽപ്പടി ഫയൽ വീണ്ടെടുക്കുവാനുള്ള പരിശ്രമങ്ങൾ തുടർന്ന് വരികയാണെന്നും ലഭിക്കുന്ന മുറയ്ക്ക് പകർപ്പുകൾ അധിക ഫീസീടാക്കാതെ ലഭ്യമാക്കുന്നതാണ് എന്നുമാണ് അറിയിച്ചത്.

3. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിലും ഇരു കക്ഷികളെയും കേട്ടതിലും ഹർജിക്കാരന്റെ അപേക്ഷയ്ക്ക് മറുപടി നൽകിയിട്ടുണ്ടെന്ന് ഒന്നാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചു. എന്നാൽ ടിയാൻ ആവശ്യപ്പെട്ട വിവരങ്ങൾ ലഭ്യമായില്ലെന്നും ബന്ധപ്പെട്ട രേഖകൾ കണ്ടെത്താൻ കഴിഞ്ഞില്ല എന്നാണ് മറുപടി നൽകിയതെന്നുമാണ് ഹർജിക്കാരന്റെ കമ്മീഷൻ മുമ്പാകെയുള്ള ആക്ഷേപം. മൊഴിയും അനുബന്ധ രേഖകളും പരിശോധിച്ചതിൽ ഓഫീസ് ഉത്തരവു പ്രകാരം ഒരു ടീം രൂപീകരിച്ച് പ്രസ്തുത ഫയൽ തെരഞ്ഞ് കണ്ടുപിടിച്ച് 20 ദിവസത്തിനകം ഹർജിക്കാരന് നൽകണമെന്നും ടി വിവരം രേഖപ്പെടുത്തിയ റിപ്പോർട്ട് കമ്മീഷനിൽ സമർപ്പിക്കണമെന്നും ഒന്നാം എതിർകക്ഷിയ്ക്ക് നിർദ്ദേശം നൽകുന്നു.

4. മേൽ നിർദ്ദേശപ്രകാരം ഈ അപ്പീൽ ഹർജി ഇന്നേദിവസം 2021 ജനുവരി 17–ാം തീയതി കമ്മീഷൻ തീർപ്പാക്കി ഉത്തരവാകുന്നു.

(ഒപ്പ്)
ഡോ.കെ.എൽ.വിവേകാനന്ദൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി (ധനകാര്യം)

STATE INFORMATION COMMISSION KERALA THIRUVANANTHAPURAM